Mathrubhumi
മാതൃഭൂമി 21 February 2022

# പൊട്ടുവെള്ളരി കൃഷി പ്രോത്സാഹിപ്പിക്കാൻ കൃഷിവിജ്ഞാന കേന്ദ്രം

കൊച്ചി▸ വേനൽച്ചൂടിൽ ഉള്ള് തണുപ്പിക്കുന്ന നാടൻ വിഭവമായ പൊട്ടുവെള്ളരിയെ ജനകീയമാക്കാൻ എറണാകുളം കൃഷി വിജ്ഞാന കേന്ദ്രം ഒരുങ്ങുന്നു. ഗുണമേൻമയുള്ളതും നാട്ടിൻപുറങ്ങളിൽ ഉത്പദിപ്പിക്കുന്നതുമായ പൊട്ടുവെള്ളരിയെയും അതിൻെറ ജ്യൂസിനെയും കൂടുതൽപേരിലേക്ക് എത്തിക്കുകയാണ് ലക്ഷ്യം. ജില്ലയിലെ നെടുമ്പാശ്ശേരി, മാഞ്ഞാലി-കടുങ്ങല്ലൂർ, ആലങ്ങാട്, കരുമാല്ലൂർ പാടങ്ങളിൽ നെൽകൃഷിക്ക് ശേഷം 600 ഏക്കറോളം സ്ഥലത്ത് പൊട്ടുവെള്ളരി കൃഷി ചെയ്യുന്നുണ്ട്.

കൃഷി വിജ്ഞാന കേന്ദ്രം പ്രദർശന കൃഷികളും ഇവിടെ സജ്ജീകരിച്ചിട്ടുണ്ട്. കെ.വി.കെ. നടത്തിയ പൊട്ടുവെള്ളരിയുടെ പ്രദർശന കൃഷിയുടെ വിളവെടുപ്പ് 24-ന് ജനകീയ പങ്കാളിത്തത്തോടെ നടത്തും. ആലങ്ങാട് കല്ലുപാലം നല്ലേലിപ്പടിയിലെ വർഗീസിൻെറ തോട്ടത്തിൽ നടക്കുന്ന വിളവെടുപ്പുത്സവത്തിൽ വിവിധ തരം പൊട്ടുവെള്ളരി ജ്യൂസുകൾ പരിചയപ്പെടുത്തും. ഒപ്പം, ഇതുമായി ബന്ധപ്പെട്ട് വിദഗ്ധരുടെ ക്ലാസുകളുമുണ്ടാകും. പൊട്ടുവെള്ളരി കൃഷിയിൽ താത്പര്യമുള്ളവർക്ക് കെ.വി.കെ. മാർഗനിർദേശങ്ങൾ നൽകും. വിവരങ്ങൾക്ക്: 97464 69404.




▶ കൃഷിവിജ്ഞാന കേന്ദ്രത്തിൻെറ നേതൃത്വത്തിൽ ആലങ്ങാട്ട് നടക്കുന്ന പൊട്ടുവെള്ളരിയുടെ പ്രദർശന കൃഷി